"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീ. ജോസ് കുര്യൻ, സർക്കിൾ ഇൻസ്പെക്ടർ-ടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.32/2025/WCDD    തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം. 73/2022/WCDD, തീയതി. 07/02/2022
2. സ.ഉ(സാധാ)നം. 45/2023/WCDD, തീയതി. 24/01/2023
3. സ. ഉ(സാധാ)നം. 33/2024/WCDD, തീയതി. 23/01/2024
4. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/407/2022/കേവക, തീയതി. 22/11/2024

**ഉത്തരവ്**

കോട്ടയം മേലുകാവ് പൊലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ ആയി ജോലി ചെയ്തു വരവെ ശ്രീ. ജോസ് കുര്യനെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ പ്രസ്തുത തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2), (3) എന്നിവ പ്രകാരം ഓരോ വർഷങ്ങളിൽ ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവന കാലാവധി 21/02/2025-ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജോസ് കുര്യൻ സമർപ്പിച്ച അപേക്ഷ, സംസ്ഥാന പൊലീസ് മേധാവിയുടെ നിരാക്ഷേപപത്രം സഹിതം, ശിപാർശ ചെയ്തുകൊണ്ട് കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് കുര്യന്റെ അന്യത്രസേവന കാലാവധി 22/02/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

സംസ്ഥാന പൊലീസ് മേധാവി, തിരുവനന്തപുരം ( 13/11/2024-ലെ കത്ത് നം. A8-187918/2023/PHQ പ്രകാരം)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

ശ്രീ, ജോസ് കുര്യൻ, സർക്കിൾ ഇൻസ്പെക്ടർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി,

കേരള വനിതാ കമ്മീഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 27-01-2025 12:23:21

സെക്ഷൻ ഓഫീസർ